# ERNAKULAM KARAYOGAM

T.D.M. Hall Complex, Durbar Hall Road, Kochi -682 016

PH:0484 2361160 Fax : 0484-2369589

E-mail : ekmkgm@gmail.com Web : www.ernakulamkarayogam.com


To <u>Reg.with A/D</u> 19-10-2017

വിഷയം : എറണാകുളം കരയോഗത്തിൽ അടക്കേണ്ടതായ കുടിശ്ശിക തീർക്കുന്നതിനും അംഗത്തിൻെറ സ്ഥിരതാമസ മേൽവിലാസത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കരയോഗത്തെ നിശ്ചിത ഫോറത്തിൽ അറിയിക്കുന്നതിനും ഒരവസരം കൂടി നൽകുന്നതു സംബന്ധിച്ച്

സുഹൃത്തെ,

എറണാകുളം കരയോഗത്തിൻെറ ആജീവനാംഗമെന്ന നിലയിൽ താങ്കൾ കരയോഗത്തിൻെറ നിയമാവലി പ്രകാരം അതിൻെറ ആദർശങ്ങൾക്കും, ഉദ്ദേശങ്ങൾക്കും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥനാണല്ലോ. കരയോഗ നിയമാവലിയിലെ ചട്ടങ്ങളും തീരുമാനങ്ങളും അനുസരിച്ച് അടക്കേണ്ടതായ തുകകൾ സമയബന്ധിതമായി കരയോഗത്തിൽ അടയ്ക്കാതെ കുടിശ്ശിക വരുത്തുവാൻ പാടില്ലാത്തതാകുന്നു. അത്തരം കുടിശ്ശികകൾ ഉണ്ടെങ്കിൽ ആയത് അടച്ചു തീർക്കുവാനും അംഗത്തിൻെറ സ്ഥിരതാമസ മേൽവിലാസത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് കരയോഗത്തെ അറിയിക്കുവാനും ഒരവസരം കൂടി അംഗങ്ങൾക്ക് രേഖാമൂലം നൽകണമെന്ന് 25.06.2017 ൽ കൂടിയ കരയോഗത്തിൻെറ 92 ാമത് പൊതുയോഗം തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിൻെറ അടിസ്ഥാനത്തിൽ ഈ അറിയിപ്പ് കിട്ടി 15 ദിവസത്തിനുള്ളിൽ താങ്കൾ കരയോഗത്തിലേയ്ക്ക് എന്തെങ്കിലും കുടിശ്ശിക നൽകാനുണ്ടെങ്കിൽ ആയത് അടച്ചു തീർക്കേണ്ടതും താങ്കളുടെ സ്ഥിരതാമസ മേൽവിലാസത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ അത് കരയോഗത്തിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി നൽകണമെന്നും അഭ്യർത്ഥിക്കുന്നു. അല്ലാത്ത പക്ഷം ടി പൊതുയോഗ തീരുമാന പ്രകാരം ഉള്ള നടപടി എന്ന നിലയിൽ കരയോഗത്തിൽ നിന്ന് തുടർന്നുള്ള അറിയിപ്പുകളോ കത്തുകളോ ഇനിമേലാൽ താങ്കൾക്ക് അയക്കുന്നതായിരിക്കില്ല എന്നുള്ള വിവരം താങ്കളെ ഇതിനാൽ വിനീതമായി അറിയിക്കുന്നു.

എറണാകുളം കരയോഗത്തിൻെറ യശസ്സിനും വളർച്ചയ്ക്കും .അംഗങ്ങളായ നിങ്ങളോരോരുത്തരുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. ആയതുകൊണ്ട് ഈ കത്ത് വസ്തുനിഷ്ഠമായി വിലയിരുത്തി നമ്മുടെ സംഘടനയുടെ കെട്ടുറപ്പിനും ഭാവിപ്രവർത്തനങ്ങൾക്കും വേണ്ടി ഈ കത്തിൽ സൂചിപ്പിച്ച വിഷയം പരിഗണിച്ച് വേണ്ടതായ നടപടി ഉടനെ എടുത്ത് സഹകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്നാൽ, മേൽപ്രകാരമുള്ള കാര്യങ്ങൾ താങ്കൾ ഈ അറിയിപ്പ് ലഭിക്കുന്നതിന് മുൻപ് തന്നെ ചെയ്തിട്ടുണ്ടെങ്കിൽ ഈ അറിയിപ്പ് അവഗണിക്കാവുന്നതാണ്.

എറണാകുളം കരയോഗത്തിൻെറ എല്ലാ സഹായവും ഏതു സമയത്തും താങ്കൾക്കുണ്ടാവുമെന്ന് ഉറപ്പുനൽകിക്കൊണ്ട്,

ERNAKULAM KARAYOGAM KOCHI-682 016 Ph : 2361160 DURBAR HALL ROAD, ERNAKULAM

സ്നേഹപൂർവ്വം

എറണാകുളം കരയോഗം ഭരണസമിതിക്ക് വേണ്ടി,

പി.രാമചന്ദ്രൻ (വേണു)

ജനറൽ സെക്രട്ടറി